# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2715      17.06.2019 -ലെ മറുപടി

### കടലുണ്ടിപ്പുഴയുടെ കരയിടിച്ചിൽ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാലവർഷക്കെടുതിയിൽ പാണ്ടിക്കാട് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര നൂറ് മീറ്ററോളം നീളത്തിൽ ഇടിഞ്ഞു പോയതുകൊണ്ട് സമീപത്തുള്ള വീട്ടുകാർക്ക് ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ആയതിൽ സംരക്ഷണ ഭിത്തി കെട്ടുന്ന നടപടിക്രമങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണ് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | ഊരകം പഞ്ചായത്തിലെ പാണ്ടിക്കടവ് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര 100 മീറ്റർ നീളത്തിൽ ഇടിഞ്ഞുപോയിട്ടുണ്ട്. കരയിടിച്ചിൽ ഇവിടെയുള്ള ഒരു വീടിന് ഭീഷണിയായിട്ടുണ്ട്. ഈ സ്ഥലം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവിടെ 100 മീറ്റർ നീളത്തിലും 4 മീറ്റർ ഉയരത്തിലും സംരക്ഷണ ഭിത്തി കെട്ടുവാൻ ഏകദേശം 35 ലക്ഷം രൂപ ചെലവ് വരുമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മാത്രമേ ടി പ്രവൃത്തിയുടെ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ. |
| (ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും ഇതിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ